**പ്രശാന്തി സന്ദേശം പോഡ്കാസ്റ്റ്**

**പ്രഫസർ അനിൽകുമാറിന്റെ ചോദ്യോത്തരവേള – ശനിയാഴ്ച തോറും**

**Q&A 331**

ആഗസ്റ്റ് 3, 2024 ശനി

# ജീവിതം ഒരു കളിക്കളം, ജീവിതം ഒരു കളി

## "LIFE IS A PLAYGROUND, LIFE IS A GAME"

ഓം ശ്രീ സായിരാം.

ചോദ്യോത്തരവേള 331-ലേക്ക് സ്വാഗതം.

ചോദ്യം : **സ്വാമി! ഒരു വശത്ത് മാതാപിതാക്കൾ ഞങ്ങളെ ഈ ലോകത്തിലേക്ക് പിടിച്ചുവലിക്കുന്നു, മറുവശത്ത് അവിടുത്തെ ദിവ്യ പ്രബോധനങ്ങൾ സ്വീകരിക്കുന്നതിന് ഞങ്ങൾക്ക് ഭാഗ്യം കിട്ടിയിരിക്കുന്നു. ഇവ രണ്ടിലേതാണ് ഞങ്ങളെ സ്വാധീനിക്കുന്നതെന്ന്, ഭരിക്കുന്നതെന്ന്, ഞങ്ങൾ അതിശയിക്കുന്നു.**

ഭഗവാൻ : നിങ്ങളുടെ മാതാപിതാക്കന്മാരുടെ ആശയങ്ങൾ ഈശ്വരനെ എതിർത്തുകൊണ്ടാണെങ്കിൽ, നിങ്ങൾ ഈശ്വരനെയാണ് തെരഞ്ഞെടുക്കേണ്ടത്, തീർച്ചയായും നിങ്ങളുടെ മാതാപിതാക്കന്മാരെയല്ല. ആദ്ധ്യാത്മികപഥത്തിന്റെ പ്രാധാന്യത്തെയും മൂല്യത്തെയും കുറിച്ച് നിങ്ങൾ അവരോട് വ്യക്തമായി വിശദീകരിക്കുകയും അപേക്ഷിക്കുകയും പിന്നെ അവരെ ബോധ്യപ്പെടുത്തുകയും വേണം. ബാലവികാസ് കുട്ടി




കൾക്കിടയ്ക്ക് ധാരാളം പേർ അവരുടെ രക്ഷിതാക്കളിൽ മാറ്റം കൊണ്ടുവന്നിട്ടുണ്ട്. ശ്രീ സത്യസായി പ്രൈമറി സ്കൂളിലെയും ശ്രീ സത്യസായി ഹയർ സെക്കണ്ടറി

സ്കൂളിലെയും കുട്ടികളാലും ശ്രീ സത്യസായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹയർ ലേണിംഗിലെ വിദ്യാർത്ഥികളാലും സ്വാധീനിക്കപ്പെട്ട, പരിവർത്തനം ചെയ്യപ്പെട്ട, നിരവധി ആളുകളുണ്ട്. കുട്ടികളുടെ കുടുംബത്തിൽ ആദ്യം മാറ്റമുണ്ടാവണം, എന്നിട്ട് സമൂഹത്തിലും.

വാസ്തവത്തിൽ, നിങ്ങൾ വന്നിരിക്കുന്നത് നിങ്ങളുടെ മാതാപിതാക്കന്മാരിൽ നിന്നല്ല, നിങ്ങളുടെ മാതാപിതാക്കന്മാരിലൂടെയാണ്. ശരിക്കും, നിങ്ങൾ ഈശ്വരനിൽനിന്നാണ്



വന്നിരിക്കുന്നത്. ഇത് നിങ്ങൾക്ക് ബോധ്യം വന്നാൽ, നിങ്ങളുടെ വാക്കുകളും പ്രവൃത്തികളും ഈശ്വരീയമാകും. ഒരു ചെറിയ ഉദാഹരണം നോക്കാം. ഒരു പാത്രത്തിൽ നിങ്ങൾ പായസം നിറയ്ക്കുന്നു. പാത്രത്തിന് സുഷിരങ്ങളുണ്ടെങ്കിൽ അതിലൂടെ അതേ പായസംതന്നെ പുറത്തുവരുമെന്നാണ് നിങ്ങൾ പ്രതീക്ഷിക്കുക. അങ്ങനെയല്ലേ? ഇതുപോലെ, നിങ്ങൾ ഈശ്വരനിൽനിന്നാണ് വന്നിരിക്കുന്നതെന്ന് നിങ്ങൾ അറിയുമ്പോൾ, നിങ്ങളുടെ വാക്കുകളും പ്രവൃത്തികളും ദൈവികമാവും.

ചോദ്യം : **സ്വാമീ! നാം ശാസ്ത്രത്തിലും സാങ്കേതികതയിലും പുരോഗമിക്കുകയാണ്. അതേ സമയം, നമ്മുടെ ആധുനിക യുവതലമുറയ്ക്ക് ജീവിതപ്രശ്നങ്ങളെ ധൈര്യപൂർവം നേരിടാൻ കഴിയുന്നില്ല. നിസ്സാരകാര്യങ്ങൾപോലും അവരെ തളർത്തുന്നു. ക്ലേശങ്ങളെ ക്ഷമയോടെ സഹിക്കുന്നതിന് അവർക്ക് കഴിയുന്നില്ല, അവർ വേഗത്തിൽ മദ്യത്തിനും മയക്കുമരുന്നിനും അടിമകളാവുന്നു. യുവാക്കൾക്കുള്ള സ്വാമിയുടെ സന്ദേശം എന്താണ്?**

ഭഗവാൻ : ഇക്കാലത്ത്, ധാരാളം ചെറുപ്പക്കാരായ ആൺകുട്ടികളും പെൺകുട്ടികളും പഠിത്തത്തിനായി കോളജുകളിലും യൂണിവേഴ്സിറ്റികളിലും പോകുന്നു. അറിവിന്റെ ഓരോ ശാഖയിലും നിരവധി സ്പെഷ്യലൈസേഷനുകളാണ്. ആകപ്പാടെ, ഇത് നല്ലതുതന്നെ. പക്ഷേ, ഇതിന്റെ കുഴപ്പം എന്തെന്നാൽ, നൈസർഗികവും സുപ്രധാനവുമായ മാനവമൂല്യങ്ങൾ, അതിദ്രുതം ക്ഷയിക്കുകയും മൊത്തത്തിൽ അപ്രത്യക്ഷമാവുകയും ചെയ്യുന്നത് നാം കാണുന്നു.

വിദ്യാഭ്യാസം ജീവനത്തിനായല്ല,<br>അത് ജീവിതത്തിനുവേണ്ടിയാണ്;

വിദ്യാഭ്യാസം അറിവ് പകരാനായല്ല,
അത് പരിവർത്തനത്തിനുവേണ്ടിയാണ്;

വിദ്യാഭ്യാസം മാനവവ്യക്തിത്വത്തെ
ഈശ്വരസൗധത്തിലേക്ക് ഉയർത്തുന്നതിനുവേണ്ടിയാണ്;

വിദ്യാഭ്യാസം ധനസമ്പാദനത്തിനുള്ള ഉപകരണമാവരുത്;
അത് മൂല്യസമ്പാദനത്തിനുള്ളതാവണം.

വിദ്യാഭ്യാസം ജിത(ശമ്പളം)ത്തിനാവരുത്,
അത് ജീവിതത്തിനാവണം.

മൂല്യങ്ങൾ ഇല്ലെങ്കിൽ, ഒരുവൻ ഉന്നതവിദ്യാഭ്യാസം നേടിയവനായാൽക്കൂടി, എന്താണ് പ്രയോജനം? മൂല്യങ്ങൾ കൂടാതെ പുരോഗതിയുണ്ടോ? നിങ്ങൾക്ക് മൂല്യങ്ങളൊന്നും ഇല്ലെങ്കിൽ, ശാസ്ത്രവും സാങ്കേതികതയും നിങ്ങളെ സഹായിക്കുമോ? ഇക്കാരണത്താലാണ്, അതായത്, മൂല്യങ്ങളുടെ അഭാവത്താലാണ് ആധുനികകാലത്തെ ചെറുപ്പക്കാർ മദ്യത്തിനും മയക്കുമരുന്നിനും അടിമകളാവുന്നത്.




യുവാക്കൾ വീരരല്ല, ഭീരരാണ്. മാസ്റ്ററാവുന്നതിനു പകരം, അവർ അടിമകളാവുന്നു. "ജീവിതം ഒരു വെല്ലുവിളിയാണ്, അത് നേരിടുക!" എന്ന് അവരറിഞ്ഞിരിക്കണം. ജീവിതത്തിലെ എല്ലാ പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും അവർ അഭിമുഖീകരിക്കേണ്ടതുണ്ട്, തരണം ചെയ്യേണ്ടതുണ്ട്, അല്ലാതെ അവയിൽനിന്ന ഓടിയൊളിക്കുകയും നിരാശപ്പെടുകയുമല്ല വേണ്ടത്. ജീവിതം ഒരു വെല്ലുവിളിയായതു കാരണം, നിങ്ങൾ അത് നേരിടണം. ജീവിതം നിറയെ എല്ലാ മേഖലകളിലും-ശാസ്ത്രീയം, ടെക്നോളജി, ഭൗതികം, നൈതികം, രാഷ്ട്രീയപരം, ആദ്ധ്യാത്മികം-നിശിതമായ മത്സരമാണ്. അനുയോജ്യമായ ആയുധങ്ങളുമായി ജീവിതത്തിലെ വെല്ലുവിളികളെ നേരിടുന്നതിന് അവർ സ്വയം സദാ തയ്യാറെടുത്തിരിക്കണം.

മഹാഭാരതയുദ്ധസമയത്തും ഇതുപോലെയൊരു കാര്യം നടന്നു. അർജ്ജുനൻ ഒരു ഭീരുവിനെപ്പോലെ ആകെ അധൈര്യപ്പെട്ട് യുദ്ധഭൂമിയിൽനിന്ന് ഓടിപ്പോകണമെന്നു കരുതുകയുണ്ടായി. ആ സമയത്ത്, സ്വർഗീയ ഗീതമായ ഭഗവത്ഗീത അവനെ പഠിപ്പിച്ചുകൊണ്ട് ഭഗവാൻ കൃഷ്ണൻ അവനിൽ ആവശ്യമായ ധൈര്യവും മനോവീര്യവും ചെലുത്തി. ഇത് കാൽസ്യം, ഗ്ലൂക്കോസ് ഇഞ്ചക്ഷനുകൾ പോലെ പ്രവർത്തിച്ച്, അർജ്ജുനന് മനോബലവും കായബലവും നൽകി.



ജീവിതം ഒരു സ്പോർട്സ് ഗ്രൗണ്ടാണ്, ജീവിതം ഒരു ഗെയിം ആണ്, അത് കളിക്കുക. നിങ്ങൾ സ്പോർട്സ്മാൻഷിപ്പോടെ കളിക്കണം, വിജയമോ പരാജയമോ, നേട്ടമോ കോട്ടമോ, സമചിത്തതയോടെ സ്വീകരിക്കണം. ഈ ലോകത്ത്, എല്ലാവർക്കും ഓരോന്നും ഉണ്ടാവണമെന്നില്ല, പക്ഷേ സ്നേഹമില്ലാത്തവരായി ആരുംതന്നെ ഉണ്ടാവില്ല. അതിനാൽ, ജീവിതം എന്നത് പ്രേമമാണ്, അത് പങ്കിടുക. ഈശ്വരൻ പ്രേമമാകുന്നു, പ്രേമം ഈശ്വരനാകുന്നു, അതിനാൽ പ്രേമത്തിൽ ജീവിക്കുക. നിങ്ങളുടെ ഹൃദയം നിറയെ പ്രേമമാണ്, എന്നാൽ ഈ അമൂല്യമായ സമ്മാനം നിങ്ങൾ എത്ര പേരുമായി പങ്കിടുന്നുണ്ട്? സ്വയം ചോദിക്കുക. പ്രേമം പ്രേമത്തിനു ഹേതുവാകുന്നു.




ഇക്കാലത്ത് ഇത് സംഭവിക്കുന്നില്ല. ഇതാണ് എല്ലാ സംഘർഷങ്ങളുടെയും, തെറ്റിദ്ധാരണകളുടെയും വിഭിന്നതകളുടെയും പ്രധാന കാരണം. നിങ്ങളുടെ എല്ലാ നൈപുണികളോടെയും നിങ്ങളുടെ കഴിവിന്റെ പരമാവധി, നിങ്ങളുടെ കടമ നിറവേറ്റുക. മനക്കോട്ട കെട്ടി അലസരാവാതിരിക്കുക. നിങ്ങളുടെ സ്വപ്നങ്ങൾ നിറവേറത്തക്കവിധം നിങ്ങൾ പ്രവർത്തിക്കുക. "ജീവിതം ഒരു സ്വപ്നമാണ്. അത് സാക്ഷാത്കരിക്കുക!" ഇക്കാലത്ത്, നിങ്ങൾ പരിഹാസ്യമായ തരത്തിൽ പ്ലാൻ ചെയ്യുന്നു, യാഥാർത്ഥ്യത്തിൽനിന്ന് ഒത്തിരി അകന്ന്. ഇത് ജീവിതമാണോ? അല്ല!

യോഗ: കർമസു കൗശലം-ഈശ്വരനോട് ആത്മാർത്ഥമായി പ്രാർത്ഥിച്ചുകൊണ്ട് നിങ്ങളുടെ കടമ ചെയ്യുക. അപ്പോൾ നിങ്ങളുടെ പ്രവൃത്തി ആരാധനയായി മാറും. നിങ്ങളുടെ കർമം യോഗമായി, ആദ്ധ്യാത്മിക വിനിമയ(spiritual communion)മായി മാറും. അപ്പോൾ, കർമ്മവും പ്രവൃത്തിയും കർമയോഗപന്ഥാവിലെ ഒരു ആദ്ധ്യാത്മിക ചര്യയായി മാറും. വെറുതെ സ്വപ്നം കാണാതിരിക്കുക; അർത്ഥമില്ലാത്ത ഭാവനകളിൽ സമയം പാഴാക്കാതിരിക്കുക. ജീവിതം കർമ്മമാണെന്ന് അറിയുക.

ചോദ്യം : **സ്വാമീ! അച്ചടക്കം, വിദ്യാഭ്യാസ നിലവാരം, വ്യക്തിത്വവികാസം ഇവയെ മോശമായി ബാധിക്കുന്നതെന്തെങ്കിലും ഉണ്ടാകുമ്പോൾ അവിടുന്ന് പൊതുവേ വളരെയധികം അസ്വസ്ഥനായി, അലോസരപ്പെടുന്നതായി കാണപ്പെടുന്നു. സ്വാമീ! വിദ്യാർത്ഥികൾ അവിടുത്തെ പ്രതീക്ഷയ്ക്കൊത്ത് ഉയരാതെ അലസരാവുന്നതായി കാണുമ്പോൾ, അവിടുന്ന് വിദ്യാർത്ഥികളെ വലുതായി ഗുണദോഷിക്കുന്നു, അവരെ പരസ്യമായി ശാസിക്കുന്നു. ഇത്തരമൊരു കാര്യത്തിന് സാക്ഷിയാകുന്നത് പേടിപ്പിക്കുന്നതാണ്. സ്വാമീ, അവിടുന്നിനെ ആ മൂഡിൽ കാണുന്നത് എന്നെ ഭയചകിതനാക്കുന്നു. ഇത്തരമൊരു സാഹചര്യവുമായി ഞങ്ങളെങ്ങനെ പൊരുത്തപ്പെടണം, അത് പോസിറ്റീവായി എങ്ങനെ എടുക്കണം?**

ഭഗവാൻ : പ്രഥമമായി, സ്വാമി പൂർണമായും നിസ്വാർത്ഥനാണ് എന്നത് നിങ്ങളറിയണം. സ്വാമിക്ക് ഒരിക്കലും ആരോടും ദേഷ്യമില്ല എന്നതും നിങ്ങളറിയണം. "ഈശ്വരൻ പ്രേമമാകുന്നു, പ്രേമം ഈശ്വരനാകുന്നു." ഞാൻ നിങ്ങളെ തിരുത്തുന്നതിനുവേണ്ടി മാത്രമാണ് കോപമുള്ളവനായും അസന്തുഷ്ടനായും നടിക്കുന്നത്. ആ മിഥ്യാകോപം പോലും ആലിപ്പഴവർഷം കണക്കെ വളരെ വേഗം മാഞ്ഞുപോവുന്നു. നിങ്ങൾ ചെയ്യുന്നതും പറയുന്നതുമൊക്കെ സമ്മതിച്ച് അംഗീകരിക്കുന്ന ഒരുവനെ നിങ്ങൾക്ക് ഗുരു എന്നു വിളിക്കാനാവില്ല. ആ വാക്കിന്റെ ശരിയായ പൊരുൾ അനുസരിച്ച്, അയാൾ നിങ്ങളെ തിരുത്തണം, നിങ്ങളുടെ അഭ്യുദയകാംക്ഷിയായി നിങ്ങളെ നേർവഴിക്ക് നയിക്കുന്നവനാവണം അയാൾ.



ഇതൊരു വർക്ക്ഷോപ്പ് ആണെന്നു സങ്കൽപിക്കുക. കേടായതും ഉപയോഗശൂന്യമായ തുമായ സകല വാഹനങ്ങളും ഇവിടെ റിപ്പയറിംഗിനായി വരുന്നു. ഞാനൊരു മെക്കാനിക് ആണെങ്കിൽ ഞാൻ ബോൾട്ട്, നട്ട്, സ്ക്രൂ ഒക്കെ മുറുക്കണം. ഇതേപോലെ, ഞാൻ നിങ്ങളുടെ തെറ്റുകൾ തിരുത്തണം, നിങ്ങളെ നിങ്ങളുടെ ന്യൂനതകളിൽനിന്ന് വിമുക്തരാക്കണം, നിങ്ങളുടെ ദൗർബല്യങ്ങളിൽനിന്ന്, കുറവുകളിൽനിന്ന് നിങ്ങൾ മോചിതരായെന്ന് ഉറപ്പിക്കണം, അന്തിമമായി നിങ്ങളെ ഈ രാജ്യത്തെ മാതൃകാ പൗരന്മാരായി വാർത്തെടുക്കണം. നിങ്ങളുടെ തെറ്റുകൾ അപ്പപ്പോൾ, അവ വരുത്തുമ്പോൾത്തന്നെ, ഉടനടി തിരുത്തപ്പെടണം. നിങ്ങളെ തിരുത്തുന്നതിന് ഞാൻ മതിയാംവണ്ണം പരുക്കനാവേണ്ടതുണ്ട്. ഇരുമ്പ് ചൂടായിരിക്കുമ്പോളാണ് നിങ്ങളത് വളയ്ക്കുക, അങ്ങനെയല്ലേ? എന്നാൽ, അതിന് ചൂടില്ല എങ്കിൽ, ഒരു മനുഷ്യനും അവന്റെ മസിലുകളുടെ സർവശക്തിയും പ്രയോഗിച്ചാലും അതിനെ വളയ്ക്കാനാവില്ല. അതുകൊണ്ട്, നിങ്ങൾ തെറ്റായ വഴിയേ പോകുമ്പോൾ, അപ്പോൾത്തന്നെ, നിങ്ങൾ തിരുത്തപ്പെടണം, ഗുണദോഷിക്കപ്പെടണം. പരസ്യമായി നിങ്ങളുടെ തെറ്റുകൾ ചൂണ്ടിക്കാണിക്കപ്പെട്ടാൽ, നിങ്ങളത് ആവർത്തിക്കില്ല.

ഒരു ചെറിയ ദൃഷ്ടാന്തമെടുക്കാം ഇവിടെ. ഒരു ലുങ്കി ധരിച്ചുകൊണ്ട് നിങ്ങൾ നിങ്ങളുടെ മുറി ചൂലുകൊണ്ട് വൃത്തിയാക്കുകയാണ് എന്നിരിക്കട്ടെ. പെട്ടെന്ന് നിങ്ങളുടെ സുഹൃത്ത് നിങ്ങളെ കാണാനായി വരുന്നു. നിങ്ങളെന്തു ചെയ്യും? നിങ്ങൾ ചൂല് ഒരു വശത്തേക്ക് മാറ്റിയിടും, നിങ്ങളുടെ വേഷം മാറും, കൂട്ടുകാരന്റെ മുമ്പിൽ ചെല്ലാവുന്ന രൂപത്തിലാവും. എന്തിനാണ് നിങ്ങളതു ചെയ്യുന്നത്? എന്തായാലും, നിങ്ങൾ നിങ്ങളുടെ മുറി വൃത്തിയാക്കുകയാണ്. അതിൽ ഒരു തെറ്റുമില്ല! നിങ്ങളുടെ അനൗപചാരിക വേഷത്തിൽ നിങ്ങളെ ആരും കാണുന്നത് നിങ്ങൾ ഇഷ്ടപ്പെടുന്നില്ല. അവനെ കണ്ടുമുട്ടുന്നതിനു മുമ്പായി വൃത്തിയായി വസ്ത്രം ധരിക്കണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നു. നിങ്ങൾ അവനെ ശ്രദ്ധിക്കുന്നു. അങ്ങനെയല്ലേ? അതുപോലെ ഇവിടെയും, ഞാൻ പരസ്യമായി നിങ്ങളുടെ തെറ്റുകൾ ചൂണ്ടിക്കാണിക്കുമ്പോൾ, നിങ്ങൾക്കാ തെറ്റുകൾ നേരേ തിരുത്താനാവുന്നു, ഭാവിയിലും അത്തരം തെറ്റുകൾ ആവർത്തിക്കാതിരിക്കാൻ നിങ്ങൾ ശ്രദ്ധാലുവാകുന്നു, ശരിയല്ലേ?



വാസ്തവത്തിൽ, നിങ്ങൾ വഴിപിഴച്ചുപോയാൽ എനിക്ക് നഷ്ടമൊന്നുമില്ല. നിങ്ങൾ നന്നായാലും എനിക്ക് നേടാനൊന്നുമില്ല. ഞാൻ നിങ്ങളിൽനിന്ന് ഒന്നുംതന്നെ പ്രതീ

ക്ഷിക്കുന്നില്ല. നിങ്ങൾ നല്ലവരാകാനും നിങ്ങളുടെ മാതാപിതാക്കൾക്കും നിങ്ങളുടെ സ്ഥാപനത്തിനും നിങ്ങളുടെ രാജ്യത്തിനും നല്ല പേര് സമ്പാദിക്കുന്നതിനും ഞാൻ ആഗ്രഹിക്കുന്നു. ഇത് എനിക്കുവേണ്ടിയല്ല, നിങ്ങളുടെ പരമമായ നന്മയ്ക്കു വേണ്ടിയാണ്.

**ചോദ്യം : സ്വാമീ! ഇന്ന് ഞങ്ങൾ വിദ്യാർത്ഥികളെ കാണുമ്പോൾ അവരെന്തു ചെയ്യുന്നു എന്ന് തിരക്കുമ്പോൾ, അവർ കമ്പ്യൂട്ടർ ലൈനിലാണ്, എം.ടെക്. കോഴ്സ് ചെയ്യുകയാണ് എന്നൊക്കെയാണ് ഞങ്ങൾ കേൾക്കുന്നത്. കമ്പ്യൂട്ടർ പഠനത്തിനായുള്ള ഈ ആവേശത്തെപ്പറ്റി സ്വാമിയുടെ കാഴ്ചപ്പാട് എന്തെന്നു കേൾക്കുന്നതിന് ഞങ്ങൾ ആഗ്രഹിക്കുന്നു?**

ഭഗവാൻ : നിങ്ങളറിഞ്ഞിരിക്കേണ്ട പ്രധാന സംഗതികളിലൊന്ന്, നിങ്ങളുടെ സകല ആധുനിക വിദ്യാഭ്യാസവും നിങ്ങൾക്കുള്ളിലുണ്ട് എന്നതാണ്. നിങ്ങളാണാ 'കമ്പ്യൂട്ടർ'. നിങ്ങൾ 'ജനറേറ്റർ' ആകുന്നു. നിങ്ങൾക്കുള്ളിൽ 'വൈദ്യുതി'യുണ്ട്. നിങ്ങൾക്കുള്ളിൽ 'താപ'മുണ്ട്. നിങ്ങൾ 'കാന്ത'മാകുന്നു. നിങ്ങൾക്കു ചുറ്റിനുമുള്ള ഓരോന്നും നിങ്ങളുടെ ആന്തരസത്തയുടെ 'പ്രതിഫലനം'(Reflection), 'പ്രതിപ്രവർത്തനം'(Reaction), 'പ്രതിധ്വനി'(Resound) അല്ലാതെ മറ്റൊന്നുമല്ല.

ഒരു കമ്പ്യൂട്ടർ മഹത്താണെന്ന് നിങ്ങൾ പറയുന്നു. നിങ്ങൾ ഒരു കമ്പ്യൂട്ടറിന്റെ മുമ്പിൽ നിന്നിട്ട് ഒരു ചോദ്യം ചോദിക്കുക, "എന്റെ ഭാര്യ ആരാണ്?" നിങ്ങൾക്ക് ഉത്തരം കിട്ടുമോ? ഇല്ല! എന്തുകൊണ്ട്? കമ്പ്യൂട്ടറിന് കുറച്ച് വിവരങ്ങൾ നൽകിയിരിക്കണം, അത് നിങ്ങൾക്ക് വേണ്ടപ്പോൾ തിരികെ ലഭിക്കും, അങ്ങനെയല്ലേ? അതിന്റെ ഉള്ളിലേക്ക് നേരത്തേതന്നെ നൽകപ്പെട്ടതെന്തോ, അതു മാത്രമേ അത് കാണിക്കൂ. പുതിയതൊന്നും ഇല്ല! എത്രയായാലും, ഒരു മനുഷ്യനാണ് കമ്പ്യൂട്ടർ നിർമ്മിച്ചത്. അപ്പോൾ, സ്വാഭാവികമായും, മനുഷ്യനാണ് കമ്പ്യൂട്ടറിനേക്കാൾ മഹത്തായത്.




നിങ്ങളുടെ തലച്ചോറ്, അതിൽ റിക്കാർഡ് ചെയ്യപ്പെട്ടിരിക്കുന്ന എല്ലാ സ്മരണകളും അനുഭവങ്ങളുമായി, ഒരു കമ്പ്യൂട്ടറാകുന്നു. നിങ്ങൾ എന്നോട് സംസാരിക്കുമ്പോൾത്തന്നെ നിങ്ങളെ ഒരു കൊതുക് കടിക്കുമ്പോൾ, നിങ്ങളതിനെ എടുത്ത് പുറത്തെറിയും. എങ്ങനെ? അവിടെ ഒരു ആശയവിനിമയം ഉണ്ട്. പോവുന്ന വഴിക്ക് ഒരു

മുള്ള് നിങ്ങളുടെ കണ്ണിൽ പെടുമ്പോൾ, കാലുകൾ താനേ അതിനെ ഒഴിഞ്ഞ് കടന്നു പോവുന്നു, അതിൽ ചവുട്ടുന്നില്ല. എന്തുകൊണ്ട്? നിങ്ങൾക്കുള്ളിൽ ഒരു 'കാന്തിക ബല'മുണ്ട്.

"നീ എന്തു ചെയ്യുന്നു?" എന്ന് ഞാൻ നിങ്ങളോടു ചോദിക്കുമ്പോൾ നിങ്ങളിൽ കുറച്ചു പേർ പറഞ്ഞേക്കാം, "എം.ടെക്." "എം.ടെക്" കൊണ്ട് എന്താണ് നിങ്ങൾ അർത്ഥമാക്കുന്നത്? നിങ്ങൾ മറുപടി തന്നേക്കും, "മാസ്റ്റർ ഓഫ് ടെക്നോളജി". അപ്പോൾ,




ആരാണ് 'മാസ്റ്റർ?' എന്താണ് 'ടെക്നോളജി?' തന്റെ ഇന്ദ്രിയങ്ങളുടെ മേൽ നിയന്ത്രണമുള്ള വ്യക്തിയാണ് 'മാസ്റ്റർ', അല്ലാതെ ഓരോരുത്തരുമല്ല. നിങ്ങൾ കേവലം 'മിസ്റ്റർ' മാരാണ്- മിസ്റ്റർ റാവു, മിസ്റ്റർ കുമാർ ഇങ്ങനെ, എന്നാൽ 'മാസ്റ്റർ' അല്ല. നിങ്ങൾ നിങ്ങളുടെ 'അറിവ്'(knowledge) സമൂഹത്തിന്റെ ഉന്നമനത്തിനായി ഉപയോഗിക്കണം; അതല്ലെങ്കിൽ അത് 'അലർജി'യായി മാറും. നിങ്ങളുടെ അറിവുമായി നിങ്ങൾ സമൂഹത്തിലേക്കിറങ്ങണം. 'ടെയ്ക് നോളജ്' ('Take knowledge') അതാണ് 'ടെ

ക്നോളജി?'(Technology). അല്ലെങ്കിൽ അത് 'ട്രിക്നോളജി'(Tricknology)യാവും. അപ്പോളതിന് ഒരിക്കലും 'ടെക്നോളജി' ആവാൻ പറ്റില്ല.

വരുന്ന ലക്കങ്ങളിൽ, സ്വാമിയുടെ കൂടുതൽ ജീവിതപാഠങ്ങളിൽനിന്ന് നമുക്ക് പ്രയോജനമുണ്ടാവും.

നിങ്ങളുടെ സമയത്തിന് നന്ദി.

ഓം സായിരാം!

(തുടരും)



**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)

പ്രഫസർ അനിൽകുമാറിന്റെ "സത്യോപനിഷത്ത്-വാല്യം 1" 82-88 പേജുകളിൽ നിന്ന്